**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **29-07-2021 - ൽ മറുപടിയ്ക്ക്**

**ദ്വൈമാസ മീറ്റർ റീഡിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മീറ്റർ റീഡിംഗ് ദ്വൈമാസം നടത്തുന്നതിനാൽ സ്ലാബുകളിൽ വരുന്ന മാറ്റം കൊണ്ട് വൈദ്യുതി ചാർജ് വർദ്ധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | മീറ്റർ റീഡിംഗ് ദ്വൈമാസം നടത്തുന്നതിനാൽ, സംസ്ഥാനത്തെ ഒരു ഉപഭോക്താവിന്റെ പക്കൽ നിന്നും അധിക വൈദ്യുതി ചാർജ്ജ് ഈടാക്കുന്നില്ല. വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. ടി നിയമത്തിലെ വ്യവസ്ഥകൾ, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം കാലാകാലങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവുകളിൽ പ്രതിമാസ ഉപഭോഗ സ്ലാബുകൾക്കാണ് (Monthly Consumption Slabs) നിരക്കുകൾ കാണിച്ചിരിക്കുന്നത്. എന്നാൽ, ഭൂരിഭാഗം വരുന്ന ഉപഭോക്താക്കൾക്കും, സാമ്പത്തികമായി യാതൊരുവിധ നഷ്ടവുമില്ലാതെ ദ്വൈമാസത്തിലൊരിക്കലാണ് ബില്ലുകൾ നൽകി വരുന്നത്. നിലവിൽ, രണ്ടുമാസത്തിലൊരിക്കൽ ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് എടുത്ത്, അതിൽ നിന്ന് ദ്വൈമാസ ഉപഭോഗം കണക്കിലാക്കി, അതിൽ നിന്ന് ഒരു മാസത്തെ ഉപഭോഗം കണക്കാക്കി അതിനെ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കുകൊണ്ട് ഗുണിക്കുമ്പോൾ ഒരു മാസത്തെ വൈദ്യുതി ചാർജ് ലഭിക്കുകയും, ഇതിനെ 2 കൊണ്ട് ഗുണിക്കുമ്പോൾ കിട്ടുന്ന തുക, ദ്വൈമാസ വൈദ്യുതി ബിൽ തുകയായി രേഖപ്പെടുത്തി നൽകുകയും ചെയ്യുന്നു. അതായത്, പ്രതിമാസ ബില്ലായാലും ദ്വൈമാസ ബില്ലായാലും ഉപഭോക്താവിന് യാതൊരുവിധ നഷ്ടവും സംഭവിക്കുന്നില്ല. |
| (ബി) | എങ്കിൽ റീഡിംഗ് മാസംതോറുമാക്കി ഈ അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലവിൽ 20 കിലോവാട്ടിനു മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾ, 10കിലോവാട്ടിനു മുകളിലുള്ള |

| | | | |
|---|---|---|---|
| | | | ഗാർഹികേതര ഉപഭോക്താക്കൾ, തെരുവു വിളക്കുകൾ, വ്യാവസായിക ഉപഭോക്താക്കൾ, ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾ, എന്നിവർക്ക് പ്രതിമാസ ബില്ലുകളാണ് നൽകിവരുന്നത്. ഇത് 2.90 ലക്ഷത്തോളം ഉപഭോക്താക്കൾ വരും. ബാക്കിയുള്ള 1.29 കോടി വരുന്ന ഉപഭോക്താക്കളെ രണ്ടുമാസത്തിലൊരി ക്കലാണ് ബില്ല ചെയ്തു വരുന്നത്. അതായത് 64.5 ലക്ഷം നിലവിൽ ദ്വൈമാസം ബില്ലുചെയ്യുന്ന ഉപഭോക്താക്കളെ പ്രതിമാസം, റീഡിംഗ് എടുത്ത് ബില്ല ചെയ്യേണ്ടതായി വരും. ഇത് ബോർഡിന്റെ പ്രവർത്തന പരിപാലന ചെലവ് (Operation & Maintenance Cost) വലിയ തോതിൽ വർദ്ധിക്കുകയും തദ്വാര താരിഫ് വർദ്ധനവിനു കാരണമാകുകയും ചെയ്യും. ആയതിനാൽ, ഉപഭോക്താക്കൾക്ക് അധിക സാമ്പത്തിക ബുദ്ധിമുട്ടില്ലാത്തതിനാൽ നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ് അഭികാമ്യമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ